# പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്

പരിസ്ഥിതി രംഗത്തെ സമഗ്രമായ പ്രശ്നങ്ങൾക്ക് അനുയോജ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്കായി 2010–ൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരമായ ഉപഭോഗം ഉറപ്പു വരുത്തുക, കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക, തണ്ണീർത്തടങ്ങളുടെ സംരക്ഷണവും അതിലുപരി നിയമലംഘനങ്ങളും കണ്ടെത്തി സർക്കാരിന്റെ നടപടികൾക്കായി സമർപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ വകുപ്പിന്റെ ചുമതലകളിൽപ്പെടുന്നു.




## വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും പദ്ധതികളും

### പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും

- പരിസ്ഥിതി പ്രവർത്തനങ്ങൾ വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി രൂപപ്പെടുത്തിയ **ഭൂമിത്രസേന ക്ലബ്ബുകൾ** രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- പരിസ്ഥിതി സംബന്ധിച്ച ആശയങ്ങൾ രൂപീകരിച്ച് നടപ്പിൽ വരുത്തുവാൻ പൊതുജന പങ്കാളിത്തത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തുക.
- പാരിസ്ഥിതികാശയങ്ങൾ പ്രചരിപ്പിക്കുന്നതിനായുള്ള സെമിനാറുകൾ, സിംപോസിയങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.
- തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളോട് ചേർന്ന് സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- സംസ്ഥാനത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പരിസ്ഥിതി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകി അവയ്ക്ക് ധനസഹായം നൽകുക.

### പരിസ്ഥിതി ഗവേഷണവും വികസനവും

- പരിസ്ഥിതി രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ ഉപയുക്തമാക്കി വിവിധ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളേയും സർവകലാശാലകളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ആധാരമാക്കി പദ്ധതികൾക്ക് ധനസഹായവും സാങ്കേതിക സഹായവും നൽകുക.
- നഗരപരിസ്ഥിതി മെച്ചപ്പെടുത്തുവാനും കാർഷിക രംഗത്ത് സ്വയം പര്യാപ്തത നേടുവാനും ലക്ഷ്യമാക്കിയുള്ള ജൈവ പച്ചക്കറി വികസന പദ്ധതികൾക്ക് സാമ്പത്തിക സഹായവും നഗരപരിധിയിൽ ജല സ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനുള്ള കർമ്മ പദ്ധതികൾക്ക് സാമ്പത്തിക സഹായവും ധനസഹായവും നൽകുക.
- സംസ്ഥാനത്തെ ജലാശയങ്ങളുടേയും നദീതീരങ്ങളുടെയും സംരക്ഷണത്തെ ആധാരമാക്കിയുള്ള കർമ്മ പദ്ധതികൾക്കും ആസൂത്രണ പദ്ധതികൾക്കും ധന സഹായവും സാങ്കേതിക സഹായവും നൽകുക.






### തണ്ണീർത്തടങ്ങളുടെ ആവാസ പുന:സ്ഥാപനം

- ജൈവ വൈവിധ്യ സമ്പുഷ്ടമായ തണ്ണീർത്തടങ്ങളുടെ ആവാസ വ്യവസ്ഥ പുന:രുജ്ജീവിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനുമായി സർക്കാർ, സർക്കാരേതര സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുമായി യോജിച്ച് ആശയ സമാഹരണം നടത്തുന്നതിനും അവ നടപ്പാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.
- കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽനിന്നും തണ്ണീർത്തടങ്ങളുടെ നിലനിൽപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ട പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക.



### പരിസ്ഥിതി ആഘാത പഠനം

- പരിസ്ഥിതിയും വികസനവും പരസ്പര പൂരകങ്ങളായതിനാൽ രണ്ടും കോർത്തിണക്കിക്കൊണ്ടുള്ള സുസ്ഥിരവികസനത്തിനാണ് പ്രാധാന്യം നൽകേണ്ടത്. അതിനാൽ വികസന പദ്ധതികളിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായ പരിസ്ഥിതി ആഘാത പഠനത്തിന് മേൽനോട്ടം വഹിക്കുക.
- പൊതു ജനങ്ങൾക്ക് പാരിസ്ഥിതിക പ്രശ്നങ്ങളിലുള്ള പരാതികളും ആശങ്കകളും ദൂരികരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

### കാലാവസ്ഥ വ്യതിയാനം

- നിലവിൽ മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥ, ആസൂത്രണത്തിൽ മുഖ്യവിഷയമായിത്തീർന്നിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യഫലങ്ങൾ സമഗ്രമേഖലകളിലും പ്രതിഫലിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ആയതിൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിനും, കാലാവസ്ഥ വ്യതിയാനം സംബന്ധിച്ച പഠനങ്ങൾക്കും ആണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
- കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് SAPCC ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നേതൃത്വം നൽകുക.